തിരുവനന്തപുരം കോർപ്പറേഷനു ലഭിച്ച കേന്ദ്ര സഹായം

81 (3833) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന, ദേശീയ ചേരി വികസന പരിപാടി എന്നീ പദ്ധതികൾ പ്രകാരം 2001-2002-ൽ കേന്ദ്രത്തിൽ നിന്നും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് എന്ത് തുക ലഭിച്ചു ;

(ബി) പ്രസ്തുത തുക എന്തിനെല്ലാം വിനിയോഗിച്ചു ;

(സി) എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി പ്രകാരം വീട് നിർമ്മിച്ചത് ;

(ഡി) തുടർന്നുള്ള വർഷങ്ങളിൽ ഈ പദ്ധതികളനുസരിച്ച് പ്രസ്തുത കോർപ്പറേഷന് എന്തെങ്കിലും തുക ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) പ്രസ്തുത പദ്ധതിക്ക് 2001-2002-ൽ ലഭിച്ച തുക ചെലവഴിച്ചതിന്റെ കണക്ക് കേന്ദ്രത്തിന് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ) ദേശീയ ചേരി വികസന പരിപാടി (എൻ.എസ്.ഡി.പി) എന്നീ പദ്ധതികൾ പ്രകാരം കേന്ദ്രത്തിൽ നിന്നും 2001-2002-ൽ ലഭിച്ച തുക യിനത്തിൽ തിരുവനന്തപുരം കോർപ്പറേഷന് ആകെ 1,04,94,875 രൂപ നൽകി.

(ബി) സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതിനാവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും എസ്.ജെ.എസ്.ആർ.വൈ. പദ്ധതി തുക ഉപയോഗിച്ചു റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനും, പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനും വീടുകളുടെ വൈദ്യുതീകരണം വൈദ്യുതി ലൈൻ നീട്ടൽ എന്നീ പ്രവർത്തനങ്ങൾക്ക് എൻ.എസ്.ഡി.പി. പ്രകാരമുള്ള ഫണ്ട് ഉപയോഗിച്ചു.

(സി) തിരുവനന്തപുരം നഗരസഭയിലെ അൻപത് വാർഡുകളിലായി 2001-2002 വരെ 572 പേർക്ക് വീടു നിർമ്മാണത്തിനുള്ള ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) മുൻ വർഷങ്ങളിൽ അനുവദിച്ച തുക യഥാസമയം ചെലവഴിക്കാൻ കഴിയാത്തതുകൊണ്ട് 2002-2003 വർഷത്തെ കേന്ദ്രവിഹിതം അനുവദിച്ചിട്ടില്ല.

(ഇ) നഗരസഭ കണക്കുകൾ കുടുംബശ്രീക്ക് നൽകുകയും കുടുംബശ്രീ അത് കേന്ദ്രത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. മൂന്നുമാസത്തിലൊരിക്കലാണ് കേന്ദ്രത്തിന് കുടുംബശ്രീ റിപ്പോർട്ട് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly